# തെങ്ങിൻെറ ചങ്ങാതിക്കൂട്ടം വിജയത്തിലേക്ക്

കൊച്ചി:തെങ്ങുകയറ്റത്തിലെ ആൾക്ഷാമം പരിഹരിക്കുന്നതിനും ചെറുപ്പക്കാർക്ക്തൊഴിൽ നൽകുന്നതിനും നാളികേര വികസന ബോർഡ് ആവിഷ്കരിച്ച തെങ്ങിൻെറ ചങ്ങാതിക്കൂട്ടം പദ്ധതി വൻവിജയത്തിലേക്ക്.

212 യുവതികൾ ഉൾപ്പെടെ 5010 പേരാണ് 200 ദിവസത്തിനുള്ളിൽ യന്ത്രസഹായത്തോടെ തേങ്ങയിടുന്നതിൽ പരിശീലനം നേടിയത്. ബോർഡ് ചെയർമാൻ ടി.കെ. ജോസിൻെറ ആശയം യാഥാർത്ഥ്യത്തിലെത്തുമ്പോൾ കേരകൃഷി മേഖലയിൽ പുത്തൻ പ്രതീക്ഷകൾ ഉയരുകയാണ്.

പരിശീലനം പൂർത്തിയാക്കിയ ചിലർ പ്രതിദിനം 1000 രൂപ വരെ നേടുന്നുണ്ടെന്നാണ് ബോർഡിൻെറ കണ്ടെത്തൽ. പ്രതിദിനം ശരാശരി 300-900 രൂപ വരെ വരുമാനം കിട്ടുമെന്നാണ് കണക്ക്.

40 അടി ഉയരമുള്ള ഒരു തെങ്ങിൽ കയറുന്നതിന് 10 രൂപയാണ് കൂലി നിശ്ചയിച്ചിരിക്കുന്നത്. ഇതിലും വലിപ്പമുള്ളതിനും നഗരപ്രദേശത്തെ തെങ്ങിനും 15 രൂപയാണ് കൂലി. പലരും ഇതിലധികം കൂലി തെങ്ങിൻെറ ചങ്ങാതിമാർക്ക് നൽകാറുമുണ്ട്.

വിദഗ്ദ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ പല ബാച്ചുകളായി ആറു ദിവസത്തെ സൗജന്യ പരിശീലനമാണ് ഇവർക്ക് നൽകിയത്.

പരിശീലനത്തിനു പുറമെ യന്ത്രവും രണ്ട് സെറ്റ് യൂണിഫോമും സൗജന്യമായി നൽകി. 225 ബാച്ചാണ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയത്. ലക്ഷദ്വീപിൽ നിന്നുള്ളവരും പരിശീലനത്തിനെത്തിയിരുന്നു. മഹാരാഷ്ട്രയിലും പരിശീലന പരിപാടി നടത്തി.

തെങ്ങുരോഗ നിയന്ത്രണം, കീടബാധ ഒഴിവാക്കൽ, വിളവെടുപ്പ്, ജലസേചനം, വിത്തുതേങ്ങ സംഭരണം, രാസവളപ്രയോഗം തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകി. ഇതിന് പുറമെ ബാങ്കിങ്, യോഗ, മാനുഷികവിഭവശേഷി വികസനം എന്നിവയിൽ ക്ലാസ്സുകളും സംഘടിപ്പിച്ചു.